നം. B2-36534/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 15.02.2020
Email - swdkerala@gmail.com
Phone - 0471 - 2306040

# സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - 2019-20 വർഷത്തെ ആദായ നികുതി സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നത് - സംബന്ധിച്ച് -

സൂചന :- ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ 10.01.2017 ലെ നം.1/2017/FIN സർക്കുലർ.

ഇൻകം ടാക്സ് ആക്ടിന്റെ 192-ാം വകുപ്പ് പ്രകാരം DDO മുഖാന്തിരം ശമ്പളം കൈപ്പറ്റി വരുന്ന എല്ലാ ജീവനക്കാരും 2019-20 സാമ്പത്തിക വർഷത്തെ ആദായ നികുതി സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് 20.02.2020ന് 5 മണിയ്ക്ക് മുൻപായി ബിൽ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത ഉദ്യോഗസ്ഥരുടെ ആദായ നികുതി സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ബിൽ സെക്ഷനിൽ ലഭ്യമായ രേഖകൾ പരിശോധിച്ച് അതാത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നതാണ്. ആദായ നികുതി സ്റ്റേറ്റ്മെൻറ് സമർപ്പിക്കുന്ന എല്ലാ ജീവനക്കാരും PAN നം. നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. PAN നം. ഇല്ലാത്ത ജീവനക്കാരുടെ വരുമാനത്തിൽ നിന്നും 20% അധിക നികുതി ഇടാക്കാനും സൂചന സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പം വീട്ടുവാടക നികുതിയിൽ കുറവ് ചെയ്യുന്ന ജീവനക്കാർ വാടക സ്വീകരിക്കുന്നയാളുടെ പേരും PAN നമ്പരോടു കൂടിയ വാടക രസീത് എഴുതി വാങ്ങേണ്ടതാണ്. അല്ലാത്ത വാടക രസീത് ആദായ നികുതി ഇനത്തിൽ കുറവ് ചെയ്യുന്നതല്ല. വാടക രസീതും, House Building Advance Interest മറ്റ് deduction സംബന്ധിച്ച വിവരം ആദായ നികുതി സ്റ്റേറ്റ്മെൻറിനൊടൊപ്പം പുതുതായി നൽകേണ്ട form No. 12BB എല്ലാ ജീവനക്കാരും സമർപ്പിക്കേണ്ടതാണ്. ടി ഫോം നൽകാതെ ആദായ നികുതി സ്റ്റേറ്റ്മെൻറ് സ്വീകരിക്കുന്നതല്ല.

ആദായ നികുതി സംബന്ധിച്ച അന്തിമ സ്റ്റേറ്റ്മെന്റ് അർഹതപ്പെട്ട ഇളവുകൾ അനുവദിക്കുന്നതിന് ആധാരമായ രേഖകളുടെ പകർപ്പും ബിൽ സെക്ഷനിൽ 20.02.2020-ന് സമർപ്പിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാരുടെ ഫെബ്രുവരി-2020ലെ

സാലറി സ്പാർക്കിൽ പ്രോസസ് ചെയ്യുവാനോ മാറാനോ സാധിക്കുന്നതല്ല. ആയതിനാൽ 20.02.2020 നകം ആദായ നികുതി അന്തിമ സ്റ്റേറ്റ്മെൻറ് സമർപ്പിക്കാൻ എല്ലാ ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

ആദായ നികുതി സംബന്ധിച്ച തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് 10,000/- രൂപ മുതൽ ഒരു ലക്ഷം രൂപ വരെ പിഴ ചുമത്തുവാൻ ഇടയാക്കുന്ന കുറ്റമാണ് എന്നത് എല്ലാ ജീവനക്കാരേയും അറിയിച്ചുകൊള്ളുന്നു.

For

സാമൂഹ്യനീതി ഡയറക്ടർ

AN